"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-മഹാകവി കുമാരനാശാന്റെ ജീവിതവും കാവ്യലോകവും സാമൂഹിക പരിഷ്കരണ ചരിത്രവും ഉൾക്കൊള്ളിച്ച് നിർമ്മിച്ച "ഗ്രാമ വൃക്ഷത്തിലെ കുയിൽ" എന്ന ചലച്ചിത്രത്തിന്റെ വിനോദ നികുതി ഒഴിവാക്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ) നം.563/2023/LSGD തീയതി,തിരുവനന്തപുരം, 06-03-2023

---

പരാമർശം:- ഫാർസൈറ്റ് മീഡിയ 10.02.2023-ൽ സർക്കാരിൽ സമർപ്പിച്ച നിവേദനം.

ഉത്തരവ്

മഹാകവി കുമാരനാശാന്റെ ജീവിതവും കാവ്യലോകവും സാമൂഹിക പരിഷ്കരണ ചരിത്രവും ഉൾ ക്കൊള്ളിച്ച് ജെ.സി. ഡാനിയേൽ പുരസ്കാര ജേതാവായ മുതിർന്ന സംവിധായകൻ ശ്രീ. കെ. പി. കുമാരൻ തിരക്കഥയും സംവിധാനവും നിർവ്വഹിച്ച "ഗ്രാമവൃക്ഷത്തിലെ കുയിൽ" എന്ന ചിത്രത്തിന്റെ വിനോദ നികുതി ഇളവ് ചെയ്യണമെന്ന് ചിത്രത്തിന്റെ നിർമ്മാതാവായ ശ്രീമതി എം. ശാന്തമ്മ പിള്ള പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാള സാഹിത്യ മണ്ഡലത്തിലെ മഹാപ്രതിഭയും ആധുനികതയുടെ പതാകാവാഹകനും നവോത്ഥാനത്തിന്റെ ശക്തനായ വക്താവും ആയ കുമാരനാശാന്റെ അതുല്യമായ വ്യക്തിത്വത്തെ അധികരിച്ച് രചിക്കപ്പെട്ട കഥാചിത്രമായ "ഗ്രാമവൃക്ഷത്തിലെ കുയിൽ" എന്ന ചലച്ചിത്രത്തിന്റെ ടിക്കറ്റ് ചാർജ്ജിന്മേലുള്ള വിനോദ നികുതി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതുജനങ്ങൾക്ക് നൽകുന്ന ടിക്കറ്റ് ചാർജ്ജിൽ നിന്നും വിനോദ നികുതി ഒഴിവാക്കിയിട്ടുണ്ടെന്ന് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവിമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം.
3. ഡയറക്ടർ, തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം.
4. തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ (ബന്ധപ്പെട്ട ഡയറക്ടർ മുഖാന്തിരം)
5. ശ്രീമതി എം. ശാന്തമ്മ പിള്ള, ഫാർസൈറ്റ് മീഡിയ, ഭൂമിക, കാവല്ലൂർ ലെയ്ൻ എൻഡ്, വട്ടിയൂർക്കാവ് പി. ഒ, തിരുവനന്തപുരം-695 013.
6. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
7. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/140/2023-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Pradeesh M
Date: 09-03-2023 12:14:57

സെക്ഷൻ ഓഫീസർ